# MAR IVANIOS COLLEGE (AUTONOMOUS)
# THIRUVANANTHAPURAM

**Reg. No. :…………………** **Name :………………….**

**Second Semester Career Related B.A. / B.Sc. Degree Examination, June 2016**

**First Degree Programme under CBCSS**

**Additional Language: Malayalam – II**

**AUML211.4: Drishyakalasahithyam**

Time: **3** Hours Max. Marks: **80**

## SECTION – A

*എല്ലാ ചോദ്യത്തിനും ഒരു വാക്കിലോ രണ്ടു വാക്യത്തിൽ കവിയാതെയോ ഉത്തരമെഴുതുക.*

1. ‘ആ മനുഷ്യൻ നീ തന്നെ’ എന്ന നാടകത്തിന്റെ രചയിതാവാര് ?
2. ‘ഇവനെന്റെ പ്രിയ സി.ജെ.’ എന്ന ഗ്രന്ഥത്തിന്റെ രചയിതാവാര് ?
3. ‘ഉയരുന്ന യവനിക’ എന്ന പുസ്തകം – നാടകശാസ്ത്രം, ലേഖനസമാഹാരം, ചരിത്രം - ഇവയിൽ ഏതു വിഭാഗത്തിൽ ഉൾപ്പെടുന്നു ?
4. മലയാളകവിതാസാഹിത്യചരിത്രം എന്ന പുസ്തകം എഴുതിയതാര് ?
5. ‘‘ഗന്ധദ്വിപപ്രൗഢ മന്ദസഞ്ചാരിണി’’ എന്ന പ്രയോഗത്തിന്റെ അർത്ഥം എന്ത് ?
6. കുഞ്ചൻ നമ്പ്യാരുടെ സമകാലികൻ എന്നു കരുതുന്ന ആട്ടക്കഥാകാരന്റെ പേരെന്ത്?
7. ‘കടവ് ’ എന്ന തിരക്കഥയ്ക്ക് ആധാരമായ കഥ ഏതാണ് ? എഴുതിയത് ആരാണ് ?
8. ‘‘ദൂരദർശനുവേണ്ടി എം. ടി. രചനയും സംവിധാനവും നിർവ്വഹിച്ച ചലച്ചിത്രമാണ് കടവ്’’- ഈ പ്രസ്താവന ശരിയാണോ ?
9. നളചരിതം ആട്ടക്കഥയുടെ ഇതിവൃത്തം ഏതുകൃതിയിൽ നിന്നാണ് സ്വീകരിച്ചത് ?
10. ‘‘മലയാളത്തിലെ ശാകുന്തളമാണ് ‘നളചരിതം’ എന്ന് പറഞ്ഞത് ആരാണ് ?

**(10 × 1 = 10 Marks)**

P.T.O.

## SECTION – B

***ഒരു** ഖണ്ഡികയിൽ കവിയാതെ ഏതെങ്കിലും **എട്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.*

11. കഥയും തിരക്കഥയും തമ്മിലുള്ള വ്യത്യാസം എന്താണ് ?

12. തിരക്കഥയും ഷൂട്ടിംഗ് സ്ക്രിപ്റ്റും തമ്മിലുള്ള വ്യത്യാസം വിവരിക്കുക.

13. കടവ് എന്ന തിരക്കഥയിൽ രാജുവും തോണിയും തമ്മിലുള്ള ബന്ധത്തിന്റെ വൈകാരികതലം വിശദമാക്കുക.

14. 'അവൻ വീണ്ടും വരുന്നു എന്ന നാടകത്തിലെ എല്ലാ ദുരന്തങ്ങൾക്കും കാരണം സമ്പത്താണ് ' – ഈ നിരീക്ഷണത്തിന്റെ അർത്ഥം വിശകലനം ചെയ്യുക.

15. ''മനുഷ്യപുത്രനെചൊല്ലി കരയാതെ, മറിയാമ്മച്ചേടത്തീ, ഈ ലോകം നശ്വരം. അവസാനകാലം അടുത്തിരിക്കുന്നു'' – ഇപ്രകാരം പറയുന്നതാര് ? സന്ദർഭം എഴുതുക.

16. ആട്ടക്കഥയും കഥകളിയും തമ്മിലുള്ള വ്യത്യാസത്തെക്കുറിച്ച് ഒരു ലഘുക്കുറിപ്പ് തയ്യാറാക്കുക.

17. ''തുള്ളൽ എന്ന കലാരൂപത്തിന്റെ സാഹിത്യരൂപമാണ് തുള്ളൽ കവിത''– വിശകലനം ചെയ്യുക.

18. ''വാമാക്ഷിവാക്യം പ്രമാണിക്ക കാരണം
    രാമാദികൾക്കുമബദ്ധം പിണഞ്ഞുപോൽ'' – വിവരിക്കുക.

19. ''മരത്തിനിടയിൽ കാണാമേ സു–
    ന്ദരത്തിനുടെ സാദൃശ്യേയം''- വ്യാഖ്യാനിക്കുക.

20. ''മോഹാർണ്ണവത്തിൻ പ്രവാഹത്തിൽ വീണു ഞാൻ
    മുഹുരപി മുഴുതുമാറായിദാനീം''- സന്ദർഭവും ആശയവും എഴുതുക.

21. കുഞ്ചൻനമ്പ്യാർ തുള്ളൽ എന്ന കലാരൂപം അരങ്ങേറിയതുമായി ബന്ധപ്പെട്ടുള്ള ഐതിഹ്യം ചുരുക്കി വിവരിക്കുക.

22. അവൻ വീണ്ടും വരുന്നു എന്ന നാടകത്തിലെ ഉപദേശി എന്ന കഥാപാത്രത്തിന്റെ പ്രാധാന്യം വിവരിക്കുക.

**(8 × 2 = 16 Marks)**

## SECTION – C

*120 വാക്കിൽ കവിയാതെ ഏതെങ്കിലും **ആറു** ചോദ്യത്തിന് ഉത്തരമെഴുതുക.*

23. ''പാലുകൊടുത്ത കൈയ്ക്കു കടിക്കുന്ന പാമ്പ് ദുഷ്ടൻ! ഇവനൊന്നും നരകത്തിലും സ്ഥലം കിട്ടുകേല.''- സന്ദർഭവും ആശയവും വ്യക്തമാക്കുക.
24. തിരക്കഥാരചനയിൽ എം.ടി പാലിക്കുന്ന ചിട്ടകൾ വിവരിക്കുക.
25. കഥ, കവിത, നാടകം എന്ന പോലെ തിരക്കഥയെ സാഹിത്യമായി പരിഗണിക്കാമോ ? ചർച്ച ചെയ്യുക.
26. ദമയന്തിയെയും കാട്ടാളനെയും ഉണ്ണായിവാര്യർ ചിത്രീകരിച്ചിരിക്കുന്ന വിധം വിവരിക്കുക.
27. സൗഗന്ധികം തേടി ഗദയുമെടുത്തു പുറപ്പെട്ട ഭീമൻ പാഞ്ചാലിയോട് എന്തെല്ലാം കാര്യങ്ങളാണ് പറഞ്ഞത് ?
28. കാട്ടിലൂടെയുള്ള ഭീമസേനനന്റെ യാത്ര വിവരിക്കുക.
29. ''പാതിച്ചോർക്കും പ്രാണാപായേ
    ജാതിച്ചോദ്യം വേണ്ടാ തൊടുവാൻ''- സന്ദർഭവും ആശയവും വ്യക്തമാക്കുക.
30. 'കടവ്' എന്ന തിരക്കഥയിൽ രാജു എന്ന കഥാപാത്രം കണ്ട നഗരത്തിന്റെ ക്രൂര മുഖം വിവരിക്കുക.
31. കഥകളിയിലെ ചതുർവിധ അഭിനയ രീതികളെപ്പറ്റി ഉപന്യസിക്കുക.

**(6 × 4 = 24 Marks)**

## SECTION – D

*__നാലു പുറത്തിൽ__ കവിയാതെ ഏതെങ്കിലും **രണ്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.*

32. 'അവൻ വീണ്ടും വരുന്നു' എന്ന നാടകത്തിന്റെ സാമൂഹിക പ്രസക്തി വിശകലനം ചെയ്യുക.
33. തിരക്കഥയും ചലച്ചിത്രവും തമ്മിലുള്ള ബന്ധത്തെപ്പറ്റി എം.ടിയുടെ 'കടവി'നെ മുൻനിർത്തി ചർച്ച ചെയ്യുക.
34. ഉണ്ണായിവാര്യരുടെ കാവ്യരചനാശൈലിയെപ്പറ്റി ഉപന്യസിക്കുക.
35. കുഞ്ചൻ നമ്പ്യാരുടെ ആഖ്യാനരീതിയെപ്പറ്റി പാഠഭാഗത്തെ മുൻനിർത്തി വിശകലനം ചെയ്യുക.

**(2 × 15 = 30 Marks)**

∫*∫*∫*∫*∫*∫*∫*∫*∫*∫*∫*∫*∫*∫*∫*∫*